ഞാൻ ഈ കാര്യം ചർച്ച ചെയ്തു. ഇതിൽ താൽപ്പര്യമുള്ളവരെ ഈ മേഖലയിലെ ആധുനിക ഉപകരണങ്ങൾ പരിചയപ്പെടുത്തുകയും അവ കൈകാര്യം ചെയ്യുന്നതിന് സാഹചര്യമുണ്ടാക്കുകയും ചെയ്യുന്നതിനും തെരഞ്ഞെടുക്കുന്ന ആട്ടോമൊബൈൽ സർവ്വീസ് സെന്ററുകളിൽ പരിശീലനം നൽകുന്നതിനും ഈ മേഖലയിലെ വ്യവസായികളുടെ സഹായത്തോടെ ഒരു പദ്ധതി തയ്യാറാക്കി നടപ്പിലാക്കുന്നതാണ്. പരിശീലനം പൂർത്തിയാക്കുന്ന മുറയ്ക്ക് ഇവർക്ക് സ്വന്തം വർക്ക് ഷോപ്പുകൾ ആരംഭിക്കുന്നതിനോ സർവ്വീസ് സെന്ററുകളിൽ തൊഴിൽ നേടുന്നതിനോ ഉള്ള അവസരം വിഭാവനം ചെയ്യുന്നതാണ്.

പ്രാദേശിക സ്വയംഭരണ സർക്കാർ സ്ഥാപനങ്ങൾ

പ്രാദേശിക സ്വയംഭരണ സർക്കാരുകൾ

127. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള ഉപാധിരഹിത ഗ്രാന്റ് 1375 കോടി രൂപയായി ഉയർത്തിയിട്ടുണ്ട്. അധികാര വികേന്ദ്രീകരണം തുടങ്ങിയതിനുശേഷം ആദ്യമായി പ്രാദേശിക സ്വയംഭരണ സർക്കാരുകൾക്ക് സാമ്പത്തിക വർഷം ആരംഭിക്കുന്നതിന് മുമ്പേ തന്നെ പദ്ധതി ആവിഷ്ക്കരിക്കുന്നതിനു കഴിയുമെന്ന സവിശേഷത ഇത്തവണ വിഭാവനം ചെയ്യുന്നു. അതായത് തദ്ദേശസ്ഥാപനങ്ങൾക്ക് പദ്ധതി നടത്തിപ്പിന് ആദ്യമായി 12 മാസവും പൂർണ്ണമായി ലഭിക്കുന്നു.

128. തദ്ദേശസ്ഥാപനങ്ങൾക്ക് കൈമാറ്റം ചെയ്യപ്പെട്ട വകുപ്പുകളുടെ സേവനങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുക എന്നത് പ്രത്യേക ശ്രദ്ധ അർഹിക്കുന്നു. തദ്ദേശസ്ഥാപനങ്ങൾക്കുള്ള ധനസഹായത്തിനുപരിയായി ഗ്രാമപഞ്ചായത്തുകളുടെ സേവനം മെച്ചപ്പെടുത്തുന്നതിന് 40 കോടി രൂപയും നഗരസഭകളുടെയും മുനിസിപ്പാലിറ്റികളുടെയും സേവനം മെച്ചപ്പെടുത്തുന്നതിന് 10 കോടി രൂപയും ഞാൻ നീക്കിവയ്ക്കുന്നു.

129. നടപ്പുവർഷം തുടങ്ങിയ സ്ഥാപനവൽക്കരണ ഉദ്യമങ്ങൾ പൂർത്തീകരിക്കുന്നതിന് 38.34 കോടി രൂപ ചെലവിൽ ഭരണനവീകരണ പദ്ധതിയിൽപ്പെടുത്തി 23 പദ്ധതികൾ ഏറ്റെടുക്കുന്നതാണ്. തദ്ദേശ സ്ഥാപനങ്ങളിൽ ഒക്ടോബർ ആദ്യം പുതിയ ഭരണസമിതി നിലവിൽ വരുമ്പോൾ പുതിയ നടപടിക്രമങ്ങളും പദ്ധതികളും പ്രായോഗികതലത്തിൽ എത്തുമെന്ന് പ്രതീക്ഷിക്കുന്നു.

130. തെരഞ്ഞെടുക്കപ്പെട്ട പ്രാദേശിക ഭരണകൂടങ്ങൾ ഗ്രാമനഗര വ്യത്യാസമില്ലാതെ ദാരിദ്ര്യ നിർമ്മാർജന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്ന അപൂർവ്വ സ്ഥിതിവിശേഷം കേരളത്തിനുണ്ട്. SGRY, SGSY, IAY, IWDP, CRSP-TSC, SJSRY, VAMBAY എന്നീ 7 കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി 82.16 കോടി രൂപ മാറ്റിവച്ചിട്ടുണ്ട്. ഈ പദ്ധതികൾക്കായി 234 കോടി രൂപ കേന്ദ്രസഹായമായി വിഭാവനം ചെയ്യുന്നു.

131. ഭരണച്ചെലവും മെയിന്റനൻസ് ചെലവും വഹിക്കുകയെന്നത് തദ്ദേശസ്ഥാപനങ്ങളുടെ ദീർഘകാലമായുള്ള പ്രശ്നമാണ്. ഈ ബുദ്ധിമുട്ട് ഒഴിവാക്കുന്നതിനായി ഏതാവശ്യത്തിനും ഉപയോഗിക്കാവുന്ന ജനറൽ പർപ്പസ് ഗ്രാന്റായി 255.59 കോടി രൂപയും കൈമാറ്റം ചെയ്യപ്പെട്ട സ്ഥാപനങ്ങൾ ഉൾപ്പടെയുള്ള പൊതു ആസ്തികളുടെ മെയിന്റനൻസിനായി 401.64 കോടി രൂപയും നീക്കിവയ്ക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly